പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3335 12.12.2014-ലെ മറുപടിക്ക്

## പാൽ ഉത്പാദനം വർദ്ധിപ്പിക്കുവാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ : | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) & (ബി) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ട് കൊണ്ട് ക്ഷീരവികസന വകുപ്പ് മിൽക്ക് ഷെഡ് വികസന പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും, ശാസ്ത്രീയ പശുപരിപാലന രീതികളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുകയും അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. |
| (സി) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) സംസ്ഥാനത്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുകയും അതുവഴി പാലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും ലക്ഷ്യമിട്ട് 2, 5, 10 പശുക്കൾ അടങ്ങുന്ന ഡെയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി, ആരോഗ്യവും അത്യുല്പാദനശേഷിയുള്ളതുമായ കാലികളെ വളർത്തിയെടുക്കുന്നതിനായി കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സബ്സിഡി, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണത്തിനും, പുനരുദ്ധാരണത്തിനുമുള്ള ധനസഹായം എന്നിവ ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാകുന്നു. സംസ്ഥാനത്തെ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതിയുടെ ഭാഗമായും നടപ്പുവർഷം **മിൽക്ക് ഷെഡ് വികസന പദ്ധതി** ഘടകങ്ങൾ നടപ്പിലാക്കുന്നു. |
| (ഡി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) നടപ്പുവർഷം തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതി നടപ്പാക്കുന്നതിനുള്ള 700 ലക്ഷം രൂപ ഉൾപ്പെടെ ആകെ 2,588 ലക്ഷം രൂപയുടെ പദ്ധതിയാണ് വകുപ്പ് തയ്യാറാക്കി നടപ്പിലാക്കുന്നത്. തുടർ പദ്ധതിയായി നടപ്പാക്കാവുന്ന ഘടകങ്ങൾക്ക് അനുമതി |

ലഭിച്ചതിനെത്തുടർന്ന് ആയത് സംബന്ധമായി ജില്ലകൾക്ക് ടാർജറ്റും, ഫണ്ടും അനുവദിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ എറണാകുളം ജില്ലയിൽ കുന്നുകര ക്ഷീരഗ്രാമം എന്ന പദ്ധതിയ്ക്ക് ഈ വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ